# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 3 — 26.09.2011 ൽ മറുപടിക്ക്

## സാമ്പത്തിക ഉത്തേജക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. റ്റി.എം. തോമസ് ഐസക്<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ.) | ആഗോള സാമ്പത്തിക പ്രതിസന്ധിയും തത്ഫലമായുണ്ടായ ആഗോള സാമ്പത്തിക മാന്ദ്യവും, സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതത്തെ ഏതെല്ലാം നിലയിൽ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ആഗോള സാമ്പത്തിക പ്രതിസന്ധിയും സാമ്പത്തിക മാന്ദ്യവും നമ്മുടെ സംസ്ഥാനത്തെയും ബാധിക്കുകയുണ്ടായി. ഇതിന്റെ ഫലമായി കയർ, കശുവണ്ടി, സമുദ്രോൽപന്നങ്ങൾ തുടങ്ങിയ പരമ്പരാഗത മേഖലകളിലെ കയറ്റുമതിയിൽ ഉണ്ടായ ഇടിവ്, നാണ്യവിളകളുടെ കയറ്റുമതിയിലുണ്ടായ കുറവും വിലത്തകർച്ചയും, ഐ.റ്റി., ടൂറിസം എന്നീ രംഗങ്ങളിലെ മാന്ദ്യം, വായ്പ്പാ ഞെരുക്കം തുടങ്ങിയ പ്രശ്നങ്ങൾ കേരളത്തെ പ്രതികൂലമായി ബാധിച്ചു. |
| (ബി.) | ഏതെല്ലാം മേഖലയിലുള്ള ജനവിഭാഗങ്ങളെയാണ് ഇത് ഏറെ ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | കയർ, കശുവണ്ടി സമുദ്രോൽപന്നങ്ങൾ, കൃഷി തുടങ്ങിയ പരമ്പരാഗത മേഖലകളിലും, ഐ.റ്റി. ടൂറിസം എന്നീ രംഗങ്ങളിൽ തൊഴിൽ ചെയ്യുന്നവരും ഇതുമായി ബന്ധപ്പെട്ട മറ്റ് ജനവിഭാഗങ്ങളെയുമാണ് സാമ്പത്തിക പ്രതിസന്ധിയുടെ ആഘാതം ഏറെ ബാധിച്ചത്. |
| (സി) | ഈ സാഹചര്യത്തിൽ പുതിയ സാമ്പത്തിക ഉത്തേജക പാക്കേജ് പ്രഖ്യാപിക്കുവാൻ തയ്യാറാകുമോ ; | സാമ്പത്തിക പ്രതിസന്ധിയുടെ ആഘാതം കുറയ്ക്കുന്നതിനായി കിലോയ്ക്ക് ഒരു രൂപാ നിരക്കിൽ അരി, ചെറുകിട-നാമമാത്ര കർഷകർക്കായുള്ള പെൻഷൻ, കാലിത്തീറ്റയ്ക്ക് സബ്സിഡി, രാജീവ് ആരോഗ്യശ്രീ പദ്ധതി, തൊഴിലാളിക്ഷേമ പെൻഷനുകളും സാമൂഹ്യസുരക്ഷാ പെൻഷനുകളും വർദ്ധിപ്പിക്കൽ, ട്രൈബൽ കോളനികളിൽ 'അന്നദായിനി പദ്ധതി' |

| | | |
|---|---|---|
| | | എന്നീ ജനക്ഷേമ പദ്ധതികൾ സർക്കാർ അവതരിപ്പിച്ചിട്ടുണ്ട്. ഇതിന് പുറമെ മാന്ദ്യം പരിഹരിക്കുന്നതിനായി പ്രത്യേക സാമ്പത്തിക ഉത്തേജക പാക്കേജുകൾ പ്രഖ്യാപിക്കേണ്ട സ്ഥിതിവിശേഷം നിലവിലില്ല |
| (ഡി) | ജനങ്ങൾക്ക് പൊതുവിൽ ആശ്വാസമാകുന്ന നികുതി ഇളവുകളോ ഒഴിവാക്കലോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | 2011 മെയ് 14 നും 2011 സെപ്റ്റംബർ 16 നും പെട്രോളിന്റെ വില എണ്ണക്കമ്പനികൾ യഥാക്രമം 5 രൂപയും 3.14 രൂപയും വർദ്ധിപ്പിച്ചപ്പോൾ ജനങ്ങൾക്ക് പൊതുവിൽ ആശ്വാസമേകുന്ന രീതിയിൽ സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ച വിലയിന്മേലുള്ള വിൽപന നികുതി വേണ്ടെന്നു വയ്ക്കുകയുണ്ടായി. അതുപോലെ കേന്ദ്രസർക്കാർ ജൂൺ 25 ന് ഡീസലിന്റെ വില 3 രൂപ വർദ്ധിപ്പിച്ചപ്പോഴും വർദ്ധിച്ച വിലയിന്മേലുള്ള അധിക നികുതി വേണ്ടെന്നുവയ്ക്കുകയുണ്ടായി. കാർഷിക മേഖലയ്ക്ക് ആശ്വാസമായി ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, എല്ലുപൊടി എന്നിവയെ നികുതി വിമുക്തമാക്കിയിട്ടുണ്ട്. ഈ നടപടികൾ പൊതുവിൽ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ